ശ്രദ്ധക്ഷണിക്കൽ

## പാചകവാതക ക്ഷാമം

ശ്രീ. കെ.എൻ.എ. ഖാദർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചേളാരിയിൽ സ്ഥിതി ചെയ്യുന്ന ഐ.ഒ.സി ബോട്ട്ലിംഗ് പ്ലാന്റിൽ ഇടയ്ക്കിടെ യുണ്ടാകുന്ന തൊഴിൽ സമരങ്ങൾമൂലം പാചകവാതക ക്ഷാമം പതിവായിരി ക്കുകയാണ്. 14 ലക്ഷം ഉപഭോക്താക്കളാണ് ചേളാരി പ്ലാന്റിലെ ഉല്പാദ നത്തെ ആശ്രയിക്കുന്നത്. ഈ പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന പാചകവാതക സിലിണ്ടർ ഉപയോഗത്തിന്റെ ഗുണഭോക്താക്കൾ 80 ലക്ഷത്തിൽ കൂടുതൽവരും. അത്രയും പേർ ഉൾക്കൊള്ളുന്ന കുടുംബങ്ങൾക്ക് വലിയ പ്രയാസം വരുത്തിവയ്ക്കുന്ന തരത്തിലാണ് സമരങ്ങൾ നടക്കാറുള്ളത്. ഈയിടെ നടന്നുവന്ന സമരം ഒത്തുതീർപ്പാക്കാൻ എം.എൽ.എ. എന്ന നില യിൽ ഞാൻ വിളിച്ചുകൂട്ടിയ ബന്ധപ്പെട്ടവരുടെ ചർച്ചകൊണ്ട് സാധിച്ചു. ബഹു മാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് അടുത്ത 23–ാം തീയതി ബന്ധപ്പെട്ടവരുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എങ്കിലും ഏതു സമയത്തും പ്രശ്നങ്ങൾ ഉത്ഭവിക്കാവുന്ന സാഹചര്യം നിലവിലുണ്ട്. 40 തൊഴിലാളികളാണ് പ്ലാന്റിൽ ജോലി ചെയ്യുന്നത്. ഹാന്റ്ലിംഗ്, ഹൗസ്കീപ്പിംഗ്, ലോഡിംഗ് തൊഴിലാളികൾ രണ്ട് കരാറുകാരുടെ കീഴിലാണ് ജോലി ചെയ്യുന്നത്. യഥാർത്ഥത്തിൽ തൊഴിലാളികളും കരാറുകാരനും തമ്മിലാണ് പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത്തരം സാഹചര്യങ്ങ ളിൽ ഐ.ഒ.സി. മാനേജ്മെന്റ് വിഷയം തീർക്കുന്നതിൽ കാര്യമായ താല്പര്യം കാണിക്കുകയോ മുൻകയ്യെടുക്കുകയോ ചെയ്യാറില്ല. അവർ പ്രധാനമായും

കാഴ്ചക്കാരുടെ റോളിലാണ് കാണപ്പെടാറുള്ളത്. നിലവിലുള്ള കരാർ പ്രകാരം ഉല്പാദിപ്പിക്കപ്പെടുന്ന സിലിണ്ടറിന്റെ തോതനുസരിച്ചാണ് കരാറുകാർക്ക് കമ്പനി പണം നൽകുന്നത്. തൊഴിലാളികൾക്ക് ശമ്പളമാണ് നൽകുന്നത്. ഇതിനുമുമ്പ് രണ്ടുപ്രാവശ്യം ഞാൻ വിളിച്ചുകൂട്ടിയ ചർച്ചകളിലുണ്ടായ ധാരണയനുസരിച്ച് രണ്ടുവിഭാഗങ്ങളിലായി തൊഴിലാളികൾക്ക് 12500–13000 എന്ന തോതിൽ ചെറിയ ശമ്പള വർദ്ധന തീരുമാനിച്ചിരുന്നു. എന്നാൽ വളരെക്കാലം അത് തുടരാനായില്ല.

തൊഴിലാളികളും കരാറുകാരനും ശമ്പളവർദ്ധനവ് സമ്മതിച്ചതായിരുന്നു. ആ തീരുമാനം നടപ്പിലാക്കുന്നതിൽ പിന്നീട് ഏതോ കാരണത്താൽ വീഴ്ച സംഭവിച്ചപ്പോൾ വീണ്ടും സമരം നടന്നു. പുതിയ സാഹചര്യങ്ങളും സാമ്പത്തികമായ അധികച്ചെലവുകളും ശമ്പള വർദ്ധനവുമായി ബന്ധപ്പെട്ട കാര്യങ്ങളും കണക്കിലെടുക്കാതെയാണ് കമ്പനിയും കരാറുകാരനും എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തതെന്ന് ഞാൻ കരുതുന്നു. നിലവിലുള്ള കരാറുകാരനെ മാറ്റി പുതിയ ടെണ്ടർ ക്ഷണിക്കണമെന്ന അഭിപ്രായം തൊഴിലാളികളിൽ പ്രബലമാണ്. അതിന് നിയമതടസ്സമുണ്ടെന്ന് കമ്പനി വാദിക്കുന്നു. തങ്ങൾക്ക് സേവന-വേതന വ്യവസ്ഥകളിൽ കാര്യമായ മാറ്റംവേണമെന്ന് തൊഴിലാളി യൂണിയനുകളും ആവശ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ ശാശ്വതമായ പരിഹാരം അത്യന്താപേക്ഷിതമാണ്. ഒന്നാമതായി സർക്കാർ അടിയന്തരമായി ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന ഐ.ഒ.സി. ഉൾപ്പെടെയുള്ള വിവിധ കമ്പനികൾ നടത്തിവരുന്ന പാചക-വാതക ബോട്ട്ലിംഗ് പ്ലാന്റിലെ മുഴുവൻ തൊഴിലാളികൾക്കുമായി ഒരു

സേവന–വേതന വ്യവസ്ഥ ഉണ്ടാകണം. അവരുടെ വേജസ് സംബന്ധിച്ച് അടിയന്തരമായ നിയമം സർക്കാർ ഉണ്ടാക്കണം. ഇനിമുതൽ ഒപ്പുവയ്ക്കുന്ന കരാറുകളിലെല്ലാംതന്നെ ഈ വ്യവസ്ഥപ്രകാരമുള്ള വേതനം ഉറപ്പുവരുത്തണം. മാസ്റ്റർ എംപ്ലോയർ എന്ന നിലയിൽ ഐ.ഒ.സി.–ക്കുള്ള ഉത്തരവാദിത്തം നിർവ്വഹിക്കാതെ ഒഴിഞ്ഞുമാറുന്ന നയം ഐ.ഒ.സി. ഉൾപ്പെടെയുള്ള കമ്പനികൾ മാറ്റുമെന്ന് സർക്കാർ ഉറപ്പുവരുത്തണം. സിലിണ്ടർ ഉൽപ്പാദനത്തിന് കോട്ടം സംഭവിക്കുന്ന തരത്തിലുള്ള സമീപനം സ്വീകരിക്കുന്ന കോൺട്രാക്ടർമാരെ ഏതുസമയത്തും ഒഴിവാക്കി പുതിയ കരാർ നൽകാനുള്ള സ്വാതന്ത്ര്യം കമ്പനിക്ക് ഉണ്ടാകണം. ഉൽപ്പാദനം നിലച്ച് പാചക വാതക ക്ഷാമം അനുഭവപ്പെടുന്ന വേളകൾ പരമാവധി ഒഴിവാക്കാൻ കൂടുതൽ സുരക്ഷിതമായതും ജനവാസം കുറവുള്ളതുമായ പ്രദേശങ്ങളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിക്കുകയും ഏറ്റവും ആധുനികമായ ടെക്നോളജി പ്രയോജനപ്പെടുത്തുകയും വേണം. ഉപഭോക്താക്കളോടുള്ള കമ്പനിയുടെ ബാദ്ധ്യത നിർവ്വഹിക്കുവാനും മെച്ചമെട്ട ഉപഭോക്തൃ സേവനം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം. വിതരണ ഏജൻസികളും ഉപഭോക്താക്കളും തമ്മിലുള്ള ബന്ധം നന്നാക്കുവാനുള്ള നടപടി ഉണ്ടാകണം. കമ്പനികളും തൊഴിലാളികളും വിതരണക്കാരും ഉപഭോക്താക്കളും കരാർ എടുക്കുന്നവരും തമ്മിൽ സൗഹാർദ്ദപരമായ ബന്ധം ഉണ്ടാക്കിയെടുക്കുന്നതിന് സർക്കാർ ഉടൻ വേണ്ടത് ചെയ്യണം. പാചക വാതകത്തിന്റെ ഉൽപ്പാദനം, വിതരണം എന്നിവ ഫലപ്രദവും കാര്യക്ഷമവുമാക്കണം. മുഖ്യമന്ത്രി ആവശ്യപ്പെട്ടത് പ്രകാരം പുതിയ ഒരു പ്ലാന്റുകൂടി മലബാറിൽ സ്ഥാപിക്കുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്. ആകയാൽ പ്ലാന്റിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കി പാചക–വാതക

ക്ഷാമം ഇനിയും ആവർത്തിക്കാതിരിക്കാൻ തക്കതായ കരുതൽ നടപടികൾ ഉടൻ സ്വീകരിക്കണമെന്ന വിഷയത്തിലേയ്ക്ക് ഞാൻ ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ചേളാരി ബോട്ട്ലിംഗ് പ്ലാന്റിൽനിന്നാണ് ബഹുമാന പ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വടക്കൻ ജില്ലകൾക്ക് ആവശ്യമായ സിലിണ്ടർ ലഭ്യമാക്കുന്നത്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ കാസർഗോഡ് എന്നീ ജില്ലകളിലേയ്ക്കുള്ള പാചകവാതകം എത്തിക്കുന്നത് അവിടെ നിന്നാണ്. ഈ മേഖലകൾക്ക് വേണ്ടതിനേക്കാൾ കൂടുതൽ ഉത്പാദി പ്പിക്കാനുള്ള കപ്പാസിറ്റി പ്ലാന്റിനുണ്ട്. പക്ഷേ, പ്ലാന്റിലെ കയറ്റിറക്ക്, കോൺട്രാക്ട് തൊഴിലാളികളുടേയും ഹൗസ് കീപ്പിംഗ് ജീവനക്കാരുടെയും ട്രക്ക് തൊഴിലാളികളുടെയും വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക ളുടെയും അടിക്കടി ഉണ്ടാകുന്ന സമരങ്ങൾ എന്നിവകാരണം സിലിണ്ടർ വിതരണം സ്തംഭിക്കാറുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടു ള്ളതാണ്. കൂടുതൽ സമരങ്ങളും കോൺട്രാക്ട് തൊഴിലാളികളാണ് നടത്തു ന്നത്. നിലവിലുള്ള വേതനത്തിൽ വർദ്ധനവ് ആവശ്യപ്പെട്ടാണ് ഇത്തരം സമര ങ്ങൾ നടന്നുവരുന്നത്. ഇപ്പോൾ വേതനം കൊടുക്കുന്ന കാര്യത്തിൽ മൂന്ന് വർഷത്തെ കോൺട്രാക്ടാണ് നിലവിലുള്ളത്. വേതന പരിഷ്കരണം ആവ ശ്യപ്പെട്ട് കോൺട്രാക്ട് തൊഴിലാളികൾ ഇടയ്ക്ക് പണിമുടക്ക് നടത്തു ന്നതാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് കാരണമെന്നാണ് ഓയിൽ കമ്പനിക ളുടെ കോ-ഓർഡിനേറ്റർ ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്. പാചക വാതക

വിതരണം സ്തംഭനത്തിലാകുന്ന ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഇടപെട്ട് സമരം ഒത്തുതീർപ്പാക്കുവാൻ അത്യാവശ്യ സാഹചര്യങ്ങളിൽ അവശ്യസാധന നിയമം നടപ്പിലാക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകാറുണ്ട്. ജില്ലാ ഭരണകൂടത്തിന്റെയും തൊഴിൽ വകുപ്പിന്റെയും ഇടപെടൽമൂലം സമരം ഒത്തുതീർപ്പാക്കാൻ കഴിയുന്നുണ്ട്. കഴിഞ്ഞ സമരകാലത്ത് ശ്രീ. കെ. എൻ.എ. ഖാദർ, അദ്ദേഹത്തിന്റെ ഇനിഷ്യേറ്റീവിൽ യോഗം വിളച്ചുചേർക്കുകയും ആ വിഷയങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ചേളാരി പ്ലാന്റിൽ 11-06-2014 മുതൽ 21-06-2014 വരെ ഭാഗികമായി പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. കൂടാതെ ഹൗസ് കീപ്പിംഗ് കോൺട്രാക്ട് ജോലിക്കാരുടെ സമരം മൂലം പ്ലാന്റിന്റെ പ്രവർത്തനം 23-06-2014 മുതൽ 03-07-2014 വരെ പൂർണ്ണമായും തടസ്സപ്പെട്ടിട്ടുണ്ട്. ഈ കാലയളവിൽ മറ്റ് പ്ലാന്റുകളിൽ നിന്നും ഗ്യാസ് സിലിണ്ടർ എത്തിച്ച് വിതരണം നടത്തിയെങ്കിലും ഗ്യാസ് വിതരണത്തെ സാരമായി ബാധിക്കുകയും ജനജീവിതത്തെ ബുദ്ധിമുട്ടിലാക്കുകയും ചെയ്തിട്ടുണ്ട്. നിരന്തരമായ ചർച്ചകളുടെയും ഒത്തുതീർപ്പ് സമവായങ്ങളുടെയും ഫലമായി ഈ സമരം പിൻവലിച്ചെങ്കിലും ശാശ്വതമായ പരിഹാരമായിട്ടില്ല, ചർച്ചകൾ തുടരുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 23-ാം തീയതി വീണ്ടുമൊരു യോഗം വിളിച്ചിട്ടുണ്ട്. ഇങ്ങനെ അടിക്കടി ഉണ്ടാകുന്ന സമരംമൂലം കേരളത്തിലെ വടക്കൻ ജില്ലകളിൽ പാചകവാതക വിതരണം സ്തംഭിക്കാൻ ഇടയാകുന്നുണ്ട്. പ്രശ്നങ്ങൾ പരിഹരിക്കാൻ നടത്തുന്ന ചർച്ചകളിൽ തൊഴിലാളികളുടെ പൂർണ്ണമായ സഹകരണവും ആവശ്യമാണ്. കോൺട്രാക്ടർമാരാണ് തൊഴിലാളികളെ ഏർപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ഓയിൽ കമ്പനി

കോ-ഓർഡിനേറ്റർമാരുടെ യോഗം 12-06-2014-ൽ കൂടുകയും ഇക്കാര്യത്തിൽ എണ്ണക്കമ്പനികൾ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും പാചക വാതകം ഉറപ്പുവരുത്താനുള്ള സാഹചര്യം ഒരുക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, പ്ലാന്റിൽ മാത്രമല്ല ഡീലേഴ്സുമായി ഉപഭോക്താക്കൾക്കുണ്ടാകുന്ന നിരന്തരമായ വിഷയങ്ങളടക്കമുള്ള എല്ലാ പ്രശ്നങ്ങളും അവിടെവച്ച് ചർച്ചചെയ്തിരുന്നു. അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്ന ഡീലേഴ്സിനെതിരെ ഡിസിപ്ലിനറി ഗൈഡ്ലൈൻസ് പ്രകാരംതന്നെ നടപടികൾ എടുക്കണമെന്ന് ഗവൺമെന്റ് ശക്തമായ നിലയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്തായാലും പാചക വാതക വിതരണം അവശ്യ സർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. ബോട്ട്ലിംഗ് പ്ലാന്റുകളിൽ തുടർച്ചയായി ഉണ്ടാകുന്ന സമരംമൂലം പാചക വാതക വിതരണം തടസ്സപ്പെടുകയും അതുവഴി ജനജീവിതം ദു:സ്സഹമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ പാചക വാതക ബോട്ട്ലിംഗ് പ്ലാന്റുകളുടെ പ്രവർത്തനം അവശ്യസർവ്വീസ് ആയി പ്രഖ്യാപിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുകയാണ്. അതോടൊപ്പം ഇവരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതടക്കമുള്ള കാര്യങ്ങൾ തീർച്ചയായും ഗവൺമെന്റ് പരിശോധിക്കുകയും ഉത്തമമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കേരളത്തിൽ ഐ.ഒ.സി. ക്കും ഭാരത് പെട്രോളിയം കോർപ്പറേഷനുംകൂടി 7 ബോട്ട്ലിംഗ് പ്ലാന്റുകളാണുള്ളത്. അതിൽ 3 എണ്ണം ഐ.ഒ.സി. യുടേതാണ്. ഈ 7 ബോട്ടലിംഗ് പ്ലാന്റുകളിലും ഹൗസ്കീപ്പിംഗ്, ഹാൻഡ്ലിംഗ് തൊഴിലാളികൾക്ക് വ്യത്യസ്തമായ ശമ്പളമാണുള്ളത്. അത് മാറ്റി കേരളത്തിൽ ഐ.ഒ.സി. ഉൾപ്പെടെയുള്ള വിവിധ

കമ്പനികൾ നടത്തുന്ന എല്ലാ ബോട്ട്ലിംഗ് പ്ലാന്റുകളിലേയും വിവിധ വിഭാഗ ത്തിൽപ്പെട്ട തൊഴിലാളികൾക്ക് സേവന-വേതന വ്യവസ്ഥകൾ ഏകീകരിച്ചു കൊണ്ടുള്ള നിയമം നിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? ഇതുപോലുള്ള പുതിയ പ്ലാന്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ വിഷയം സെൻട്രൽ ലേബറിന്റെ കീഴിൽ വരുന്നതു കൊണ്ട് സംസ്ഥാന ഗവൺമെന്റിന് നിയമപരമായി ഇടപെട്ട് പരിഹരിക്കാൻ സാധ്യമല്ല. എങ്കിൽപ്പോലും ഗവൺമെന്റ് മുൻകൈ എടുത്തുകൊണ്ട് സമവാ യത്തിന്റെ പാത കണ്ടെത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തുടർന്നും പരിശ്രമിക്കും. ഇക്കാര്യത്തിൽ, ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നിലയിലേയ്ക്കുള്ള സാഹചര്യം ഉണ്ടാകാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്. അതൊഴിവാക്കാൻ നമ്മുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതായിരിക്കും.

## വന്യമൃഗങ്ങളുടെ ആക്രമണം

ശ്രീ. കെ. രാജു : സർ, വനാതിർത്തിയിൽ കഴിയുന്ന കൃഷിക്കാരും സാധാരണ ബഹുജനങ്ങളും ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വന്യ ജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും ഇവരെ സംരക്ഷിക്കു ന്നതിന് സത്വരമായ നടപടികൾ ഉണ്ടാകുന്നതിനും വേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ സഭയിൽ അവതരിപ്പിക്കുന്നത്. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ബാധ്യത സർക്കാരിനുണ്ട്. വനമേഖലയിൽ,

സ്വന്തം ഭൂമിയിൽ അദ്ധ്വാനിച്ച്  ജീവിക്കുന്ന സാധാരണ കൃഷിക്കാരുടെ ജീവനും സ്വത്തിനും യാതൊരു വിലയും ഇല്ലാതായിരിക്കുന്നു. വന്യമൃഗങ്ങൾ കൂട്ടത്തോടെയിറങ്ങി കൃഷി നശിപ്പിക്കുക  മാത്രമല്ല, ആന പോലുള്ള മൃഗങ്ങൾ ഇറങ്ങി മനുഷ്യനെ കുത്തിക്കൊല്ലുന്ന സ്ഥിതി വരെ  നിരന്തരമായി ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.  ഇതിന് ശാശ്വതമായിട്ടുള്ള പരിഹാരം യഥാർത്ഥത്തിൽ ആവശ്യമാണ്.  വന്യമൃഗങ്ങളുടെ എണ്ണത്തിൽ ധാരാളം വർദ്ധനവുണ്ടായിട്ടുണ്ട്. ഒരുപക്ഷേ, വനസംരക്ഷണം മെച്ചപ്പെട്ട നിലയിൽ നടക്കുന്നതിന്റെ ഭാഗമായിട്ടുകൂടിയായിരിക്കാം വനത്തിനുള്ളിൽ വന്യമൃഗങ്ങളുടെ വർദ്ധനവുണ്ടായിട്ടുള്ളത്. ആ വർദ്ധനവുമൂലം വനത്തിനോട് ചേർന്നുകിടക്കുന്ന ഭൂപ്രദേശങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങിവരികയും കൃഷി പാടേ നശിപ്പിക്കുകയും ചെയ്യുന്ന വളരെ കഷ്ടകരമായ  സ്ഥിതി ഇപ്പോഴുണ്ട്.

വന്യജീവികളെ ആകർഷിക്കുന്ന രീതിയിൽ നെല്ല്, വാഴ, തെങ്ങ് എന്നിവ  വനത്തോട് ചേർന്ന് ഇപ്പോൾ ധാരാളമായി കൃഷിചെയ്യുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയുമാണ്.  പക്ഷെ അത് അവരുടെ സ്വകാര്യ ഭൂമിയായ പട്ടയ വസ്തുവിലാണ് ചെയ്യുന്നതെങ്കിലും ഈ വിളകൾ വന്യമൃഗങ്ങൾ ഭക്ഷണം എന്ന രീതിയിൽ കണ്ടുകൊണ്ട് അത് കഴിക്കുന്നതിനിറങ്ങിവരുന്നു. അതുപോലെ വനത്തിനകത്തുള്ള ജലക്ഷാമം ഒരു പ്രധാനപ്പെട്ട വിഷയമാണ്. വനത്തിനകത്ത്  വന്യജീവികൾക്കാവശ്യമായിട്ടുള്ള ജലമോ ഭക്ഷണസാധനങ്ങളോ ലഭിക്കുന്നില്ല.  വനത്തിനകത്ത് ജലവും ഭക്ഷണസാധനങ്ങളുമില്ലാത്തതുകൊണ്ട് സാധാരണ മനുഷ്യർ കൃഷിചെയ്യുന്ന വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലേക്ക്  ഇറങ്ങിവന്ന് അവിടെയുള്ള വിഭവങ്ങൾ ശേഖരിച്ച്

കഴിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ദൈനംദിനം വനത്തിൽ സ്വതന്ത്രമായി കന്നുകാലികളെയും മറ്റുമൊക്കെ തുറന്നുവിടുന്നുണ്ട്. ഈ കന്നുകാലികളും പലപ്പോഴും വന്യജീവികളുടെ ആക്രമണത്തിന് വിധേയമാകുന്നുണ്ട്. അതുപോലെതന്നെ, വന്യമൃഗങ്ങളുടെ സഞ്ചാരപഥത്തിൽ പലപ്പോഴും തടസ്സമുണ്ടാകുന്നു. ഈ കാരണങ്ങളെല്ലാംകൊണ്ടാണ് യഥാർത്ഥത്തിൽ ഈ വന്യജീവികളുടെ വലിയതോതിലുള്ള ശല്യമിപ്പോൾ ഉണ്ടായിരിക്കുന്നത്. അവിടെ താമസിക്കുന്ന കൃഷിക്കാരായ മനുഷ്യരെ ഇതിൽനിന്ന് മോചിപ്പിക്കണം. അതിന് ഗവൺമെന്റ് സത്വരമായ പല നടപടികളും സ്വീകരിക്കണം. കഴിഞ്ഞ ജൂൺ മാസം 30-ാം തീയതി എന്റെ മണ്ഡലത്തിൽപ്പെട്ട കുറവന്താവളം എന്നുപറയുന്ന സ്ഥലത്തെ ഹാരിസൺസ് മലയാളം പ്ലാന്റേഷന്റെ എസ്റ്റേറ്റിൽ അതിരാവിലെ ടാപ്പിംഗ് ജോലി ചെയ്തുകൊണ്ടിരുന്ന തുളസീധരൻ എന്ന തൊഴിലാളിയെ കാട്ടാന ഇറങ്ങി ഓടിച്ച് കുത്തി കൊലപ്പെടുത്തുകയുണ്ടായി. സർക്കാർ 3 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകി. കേവലം മുപ്പതോ മുപ്പത്തിരണ്ടോ വയസ്സ് പ്രായമുള്ള ഒരു തൊഴിലാളി, അയാൾക്ക് ഭാര്യയും മക്കളും അതുപോലെതന്നെ വൃദ്ധരായിട്ടുള്ള മാതാപിതാക്കളുമൊക്കെയുണ്ട്. നഷ്ടപരിഹാരമായി 3 ലക്ഷം രൂപ കൊടുക്കുന്നത് വളരെ കുറവാണ്. വന്യമൃഗങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന നഷ്ടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള തുക കാര്യമായി വർദ്ധിപ്പിക്കണം. വന്യമൃഗങ്ങളെത്തന്നെ പല കാറ്റഗറികളായി തിരിച്ചിരിക്കുകയാണ്. ആന ആക്രമിച്ചാൽ ഒരു പ്രത്യേക ഷെഡ്യൂൾ, പന്നി ആക്രമിച്ചാൽ പ്രത്യേക ഷെഡ്യൂൾ, അങ്ങനെ വന്യമൃഗങ്ങളെ പല ഷെഡ്യൂളുകളായി തിരിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ പരിക്കുകളുടെ ആഴവും വ്യാപ്തിയും നോക്കി നഷ്ടപരിഹാരം കൊടുക്കാൻ തയ്യാറാകണം. കൂടാതെ

പരിക്കുപറ്റുന്ന സമയത്തുതന്നെ ചികിത്സയ്ക്കാവശ്യമായ ധനസഹായം നൽകണം. പാമ്പുകടിയേറ്റ് മരിച്ചാൽ ഇപ്പോൾ ഒരു ലക്ഷം രൂപയാണ് നഷ്ട പരിഹാരമായി കൊടുക്കുന്നത്. അത് 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? എന്റെ മണ്ഡലത്തിലെ മാത്രം സ്ഥിതിയല്ല, വനമേഖലയിലെ എല്ലാ മണ്ഡലങ്ങളിലും നാദാപുരം, പേരാമ്പ്ര, തിരുവമ്പാടി, റാന്നി, കോന്നി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം കൃഷിക്കാരനുഭവിക്കുന്ന ഈ ബുദ്ധിമുട്ടുകൾക്ക് ശാശ്വതമായ പരിഹാരം വേണം. ആനകളെ തടഞ്ഞു നിർത്തുന്നതിനുവേണ്ടി തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ചുകൊണ്ട് കിടങ്ങുകൾ കുഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ സോളാർ ഫെൻസിംഗ് നിർമ്മാണം നടക്കുന്നില്ല. വളരെ പരിമിതമായ തോതിൽ മാത്രം അവിടെയുമിവിടെയും കുറച്ച് സോളാർ ഫെൻസിംഗ് നടത്തിയിട്ടുമാത്രമെയുള്ളൂ.

<u>മി. സ്പീക്കർ:</u> ശ്രീ. കെ. രാജു, ആറ് മിനിട്ട് അധികമായി. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കെ. രാജു:</u> സർ, ഞാൻ അവസാനിപ്പിക്കാം. ഇതുപോലെയുള്ള കൃഷിക്കാരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അടിയന്തരമായി നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയും അത് യഥാസമയം നൽകാനും സാധിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> സർ, ബഹുമാനപ്പെട്ട കെ. രാജു പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പക്ഷെ

അതിനുള്ള ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്യുകയും ചെയ്യുന്നുണ്ട്. ഇവിടെ, വന്യജീവികളുടെ ആക്രമണങ്ങളുണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ അഞ്ചാണ്. ഒന്ന്, വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്. രണ്ട്, വനാതിർത്തിയിൽ മൃഗങ്ങളെ ആകർഷിക്കുന്ന വിധത്തിലുള്ള കൃഷിയിനങ്ങൾ– അത് ബഹുമാനപ്പെട്ട രാജു പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. നെല്ല്, വാഴ, തെങ്ങ് എന്നിവ വനാതിർത്തിയിൽതന്നെ കൃഷിചെയ്യുന്നതുകൊണ്ട് അതൊരു ഭക്ഷണവസ്തുവാക്കി ഈ മൃഗങ്ങൾ വനത്തിൽനിന്നും ഇറങ്ങിവരികയാണ്. മൂന്ന്, വനത്തിലുണ്ടാകുന്ന ജലത്തിന്റെയും ഭക്ഷണത്തിന്റെയും ദൗർലഭ്യംമൂലം സ്വാഭാവികമായും ഇത് ഭക്ഷണം തേടി പുറത്തേയ്ക്ക് വരികയാണ്. നാല്, വനത്തിനകത്തുതന്നെ വന്യമൃഗങ്ങൾ തമ്മിലുണ്ടാകുന്ന കോൺഫ്ളിക്റ്റ്, പശുവിനെയും മറ്റ് മൃഗങ്ങളെയും പിടിക്കുമ്പോൾ അത് കഴിക്കുന്നതിനുവേണ്ടി അവർതമ്മിൽതന്നെയുണ്ടാകുന്ന സംഘർഷങ്ങൾ അതും ഇതിനകത്തെ പ്രശ്നമാണ്. അഞ്ച്, വന്യമൃഗങ്ങളുടെ സഞ്ചാരപഥത്തിനുണ്ടാകുന്ന വിഘ്നം – ആ വിഘ്നമുണ്ടാക്കുന്നതിന് മനുഷ്യർക്ക് ഒരു പ്രധാനപ്പെട്ട പങ്കുണ്ട്. അവരുടെ ആനത്താരയെല്ലാം നമ്മൾ കൈയേറിയാൽ സ്വാഭാവികമായും ആനത്താരയുംതേടി ആന പുറത്തേയ്ക്ക് വരും. ഇങ്ങനെയുള്ള അഞ്ച് പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് ഇതിനുള്ള കാരണം. അത് നേരിടുന്നതിനുവേണ്ടി 14 ഇന കർമ്മപദ്ധതികൾ ഡിപ്പാർട്ടുമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അങ്ങുതന്നെ ഇവിടെ സൗരോർജ്ജ കമ്പികൾ നിർമ്മിക്കുന്ന കാര്യം സൂചിപ്പിച്ചു. അത് ഞങ്ങൾ നിർമ്മിച്ചുനോക്കിയെങ്കിലും അതൊരു താൽക്കാലിക പ്രതിവിധി മാത്രമാണ്. ആന ചവിട്ടിയാൽ ഏത് സൗരോർജ്ജ കമ്പിയാണ് അവിടെ നിൽക്കുന്നത്? മൂന്നുതരത്തിലുള്ള നടപ

ടികൾ സ്വീകരിക്കാൻ സാധിക്കും. ഒന്ന്, ജൈവവേലി കെട്ടുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്, പക്ഷെ ആ ജൈവവേലി ദീർഘകാലാടിസ്ഥാനത്തിൽ മാത്രമെ വരികയുള്ളൂ. വളരെ കൃത്യമായി കരിമ്പനവച്ചുവേണമെങ്കിൽ ഈ ജൈവവേലി നിർമ്മിച്ചാൽ ആനക്കൂട്ടം പുറത്തിറങ്ങുന്നതിനെ തടയാൻ സാധിക്കുമെന്ന് ശ്രീലങ്കയിൽ ഇപ്പോൾ തെളിയിച്ചിരിക്കുകയാണ്. ഇങ്ങനെ ജൈവവേലി നിർമ്മിച്ചുവേണമെങ്കിൽ തടയാൻ സാധിക്കുമെന്നാണ് മറ്റ് രാജ്യങ്ങളിലെ അനുഭവങ്ങൾകൂടി കണക്കാക്കുമ്പോൾ നമുക്ക് കിട്ടുന്നത്. അതോടൊപ്പംതന്നെ കിടങ്ങുകൾ കുഴിച്ച് ആന പുറത്തിറങ്ങാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാവുന്നതാണ്. പക്ഷെ നമ്മുടെ സാമ്പത്തിക പരാധീനതയാണ് പ്രധാന പ്രശ്നമായി നിൽക്കുന്നത്. കിടങ്ങ് പൂർണ്ണമായും കോൺക്രീറ്റ് ചെയ്യേണ്ടിവരും. നല്ല അനുഭവമുള്ള ശ്രീ. ആര്യാടൻ മുഹമ്മദ് എന്റെ തൊട്ടടുത്ത് ഇരിക്കുകയാണ്. അത് കോൺക്രീറ്റ് ചെയ്തില്ലെങ്കിൽ ആന അവിടെയിറങ്ങും. കിടങ്ങ് കുഴിക്കുകയെന്നുള്ള നടപടിക്കും സാമ്പത്തിക പ്രതിസന്ധി ഒരു പ്രശ്നമാണ്. ആനപ്രതിരോധ മതിലുകൾ നിർമ്മിക്കാവുന്നതാണ്. അത് ചില സ്ഥലങ്ങളിൽ ചെയ്തിട്ടുണ്ട്. അതിപ്പോൾ വയനാട്ടിലും കണ്ണൂരിലുമാണ് ചെയ്തിട്ടുള്ളത്. ശ്രീ. സണ്ണി ജോസഫ് ഇതിനെക്കുറിച്ച് നേരത്തെയിവിടെ ഉന്നയിച്ചിരുന്നു. എനിക്ക് രണ്ടുപ്രാവശ്യമായി കത്തും നൽകിയിരുന്നു. ചില കോൺഫറൻസുകളും ഞങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തി. ആനപ്രതിരോധ മതിലുകളുണ്ടാക്കുകയെന്നുള്ളതാണ് ഒരു പോംവഴി. കൂടാതെ, റാപ്പിഡ് റെസ്പോൺസ് ഫോഴ്സ് ഫോറസ്റ്റിനകത്തുണ്ട്. ആ ഫോഴ്സിനെ വിനിയോഗിച്ച് ആനകളെ മടക്കിയയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി നമുക്ക് നോക്കാവുന്നതാണ്. ആനകൾക്ക് റേഡിയോ കോളർ വച്ച് ഐഡന്റിഫൈ ചെയ്ത് അതൊരു

പ്രതിരോധ നടപടിയായി നമ്മളെടുക്കുകയാണ്. കർഷകർക്കിടയിൽ ഒരവബോധമുണ്ടാക്കി വന്യമൃഗങ്ങളെ ആകർഷിക്കുന്ന കൃഷികൾ വനാതിർത്തിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടിയും ഊർജ്ജിതമായി നടത്തിവരികയാണ്. അതോടൊപ്പംതന്നെ സെറ്റിൽമെന്റുകളിലെ താമസക്കാരുടെ സ്വയം സന്നദ്ധ പുനരധിവാസം ചെയ്യേണ്ടതുണ്ട്. കാട്ടാനകളെ പിടിച്ച് മെരുക്കുന്നതിനുള്ള ആനപ്പന്തികളുടെ നിർമ്മാണവും നടന്നുവരികയാണ്. എലിഫന്റ്സ് സ്ക്വാഡുകളുടെ പ്രവർത്തനം, ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന നടപടി, വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും നൽകുന്നതിനുവേണ്ടി ചെക് ഡാമുകൾ നിർമ്മിക്കുക എന്നിങ്ങനെയുള്ള പ്രത്യേക സംവിധാനങ്ങൾ സ്വാഭാവികമായ അതിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ചെയ്യേണ്ട കാര്യങ്ങളാണ്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട കെ. രാജു ഇവിടെ സൂചിപ്പിക്കാത്ത ഒരുകാര്യമുണ്ട്. വയനാട്ടിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കുരങ്ങുകളുടെ പ്രശ്നമാണ്. വീടുകളിലെല്ലാം കയറി അവിടെയുണ്ടാക്കിവച്ചിരിക്കുന്ന ഭക്ഷണവും കഴിച്ച് പാത്രങ്ങളെല്ലാം തല്ലിപ്പൊട്ടിക്കുകയാണ് ചെയ്യുന്നത്. എന്നിട്ടത് മടങ്ങുകയും ചെയ്യും. ഇതൊരു വല്ലാത്തൊരു പ്രശ്നമാണ്. ഞങ്ങൾ കുരങ്ങുകളുടെ വംശം വർദ്ധിക്കാതിരിക്കാനുള്ള ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനൊക്കെ അതീതമായി മൃഗങ്ങൾക്കെതിരെ എടുക്കുന്ന നടപടികൾക്ക് ഡൽഹിയിൽ ഒരു സർവ്വൈലൻസ് കണ്ണുണ്ട്. എന്തെങ്കിലും നടപടി നമ്മൾ സ്വീകരിച്ചാൽ അത് മൃഗങ്ങൾക്കെതിരെയുള്ള നടപടിയാണെന്നുള്ള ഒരു വ്യാഖ്യാനവും വരുന്നുണ്ട് എന്നുള്ള പരിമിതിയും ഇതിനകത്തുണ്ട്. ഇതെല്ലാം കൂടിച്ചേർന്നുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള ശ്രമത്തിലാണ്. ബഹുമാനപ്പെട്ട കെ. രാജു പറഞ്ഞ രണ്ടുകാര്യങ്ങളി

ലൊന്നായ വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടുണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപടിയെടുത്തിട്ടുണ്ട്. ജീവഹാനി, പരിക്ക്, കൃഷിനാശം എന്നിവയ്ക്ക് വർദ്ധിച്ച തോതിൽ നഷ്ടപരിഹാരം നൽകിവരികയാണ്. മനുഷ്യർക്കുണ്ടാകുന്ന പരിക്കിനോ കാർഷികവിളകൾക്കുണ്ടാകുന്ന നാശത്തിനോ ഒരു തവണ നൽകുന്ന നഷ്ടപരിഹാരം 75,000 രൂപയാണ്. വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്ന ആദിവാസി ഗോത്രവിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് ചികിത്സയ്ക്ക് മുഴുവൻ ചെലവും ഗവൺമെന്റ് വഹിക്കുകയാണ്. ഒരുവർഷം പരമാവധി നാലുതവണവരെ ഒരു വ്യക്തിക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള അർഹതയുണ്ട്.

വന്യജീവി ആക്രമണത്തിൽ നഷ്ടപരിഹാരമായി 2011-2012–ൽ 454.42 ലക്ഷം രൂപയും 2012-2013–ൽ 460.74 ലക്ഷം രൂപയും 2013-2014–ൽ 659.5 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2014-2015 സാമ്പത്തിക വർഷത്തിൽ വിവിധ വനം ഡിവിഷനുകളിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിനായി 228 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2013-2014 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 10 കോടി രൂപയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. വന്യമൃഗങ്ങൾ നിമിത്തം ജനവാസ പ്രദേശങ്ങളിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ സജീവ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പദ്ധതികൾക്കായി ഈ

സാമ്പത്തിക വർഷം 50 കോടിരൂപ നീക്കിവയ്ക്കുന്നതായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതാണ് നമുക്ക് ചെയ്യാവുന്ന മനുഷ്യസഹജമായ കാര്യം. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് അതിന്റെ പൂർണ്ണമായ വികാരത്തോടുകൂടി ഗവണ്മെന്റ് ഉൾക്കൊള്ളുകയാണ്.

<u>ശ്രീ. കെ. രാജു</u> : സർ, കിടങ്ങ് കുഴിക്കുന്നതുമായി ബന്ധപ്പെട്ട് നേരത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് കിടങ്ങുകൾ കുഴിക്കാമെന്ന് ഗവണ്മെന്റ് ആലോചിച്ചിരുന്നു. ഇപ്പോൾ അത് എങ്ങും നടക്കുന്നില്ല. വനമേഖലകളിലെ പഞ്ചായത്തുകളുമായി ചേർന്നുകൊണ്ട് തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനമുപയോഗിച്ച് കിടങ്ങുകൾ കുഴിച്ചാൽ അത് പ്രയോജനപ്പെടുത്താൻ കഴിയും. അതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രിയുമായി ആലോചിച്ച് ആ മന്ത്രാലയത്തിന്റെകൂടി സപ്പോർട്ട് കിട്ടുകയാണെങ്കിൽ നിശ്ചയമായും നമുക്ക് അതുപോലുള്ള നടപടി യിലേയ്ക്ക് പോകുന്നതിന് ഒരു വിരോധവുമില്ല.